"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - കാർഷിക ആവശ്യത്തിനായി കർഷകർ ഉപയോഗിക്കുന്ന സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം Direct Beneficiary Transfer മുഖാന്തിരം പത്തനംതിട്ട ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.എ.) വകുപ്പ്**

**സ.ഉ.(കൈ) നം.82/2020/കൃഷി** തീയതി, തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1 ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22/06/2020-ലും 22/09/2020-ലും ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

2 കൃഷി വകുപ്പ് ഡയറക്ടറുടെ 28-09-2020-ലെ ടി.എ(2)13064/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ, കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അധിക വായ്പ (മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പന്നത്തിന്റെ 2%) ലഭ്യമാകുന്നതിന് സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും തുടർന്ന് എല്ലാ കർഷകർക്കും സൗജന്യ വൈദ്യുതി നൽകുന്നതിന് പകരം DBT സമ്പ്രദായം ആരംഭിക്കുവാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം 2 പ്രകാരമുള്ള കത്തിൽ പത്തനംതിട്ട ജില്ലയിൽ DBT സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാമെന്നും 31.08.2020 വരെ പത്തനംതിട്ട ജില്ലയിൽ 40,420/- രൂപ കാർഷിക സൗജന്യ പദ്ധതി പ്രകാരം നൽകുവാൻ ബാക്കിയുണ്ട് എന്നും അറിയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ വൈദ്യുതി സബ്സിഡി നൽകി വരുന്നത് കൃഷി വകുപ്പിന്റെ ബജറ്റ് ശീർഷകത്തിൽ നിന്നും ആയതിനാൽ വൈദ്യുതി സബ്സിഡിയുടെ ആനുകൂല്യം കർഷകർക്ക് ഡി.ബി.റ്റി സംവിധാനം മുഖേന നൽകുന്ന പദ്ധതി കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നതിനും കാർഷിക ആവശ്യത്തിനായി കർഷകർ ഉപയോഗിക്കുന്ന സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം കർഷകർക്ക് Direct Beneficiary Transfer മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ താഴെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കു അനുസൃതമായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു :

(a) സബ്സിഡി തുക മുൻകൂറായി ഉണഭോക്താക്കളുടെ ഗ്രൂപ്പുകൾ / പാടശേഖര സമിതികൾ തുടങ്ങുന്ന ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. ഗ്രൂപ്പുകൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു മാതൃകാ ബൈലോ കൃഷി ഡയറക്ടർ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതാണ്. ഓരോ ഗ്രൂപ്പിനും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുകയും ഗ്രൂപ്പിനുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി, കൃഷി ഓഫീസർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൌണ്ട് മുൻകൂർ തുക കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിലേക്ക് മാറ്റം ചെയ്യുന്നതിനുവേണ്ടി മാത്രം സീറോ ബാലൻസ് ആയി ആരംഭിക്കുകയും വേണം. ആവശ്യമെങ്കിൽ മറ്റൊരു ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രമേ മറ്റ് വരവുചിലവ് കണക്കുകൾ കൈകാര്യം ചെയ്യാവൂ. പാടശേഖര സമിതികൾ ഇതേ പോലെ വൈദ്യുതി തുക കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

(b) ഗ്രൂപ്പുകൾ ആരംഭിക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ വ്യക്തികളായ കർഷകർക്ക് സബ്സിഡി തുക അനുവദിക്കാവുന്നതാണ് . വ്യക്തിഗത / ഗ്രൂപ്പുകളിലെ സൗജന്യ വൈദ്യുതിക്ക് അർഹരായ ഉണഭോക്താക്കളുടെ പേര്, മേൽവിലാസം എന്നിവയടങ്ങിയ സ്റ്റേറ്റ്മെന്റ് കൃഷി ഓഫീസർ തയ്യാറാക്കി ബന്ധപ്പെട്ട വൈദ്യുതി ഓഫീസിൽ നൽകണം. പാടശേഖര സമിതികളെ സംബന്ധിച്ച് പാടശേഖരത്തിലുള്ള പമ്പ് സെറ്റുകളുടെ വിവരങ്ങൾ കൃഷി ഓഫീസർ തയ്യാറാക്കി ബന്ധപ്പെട്ട വൈദ്യുതി ഓഫീസിൽ നൽകണം.

(c) വ്യക്തികൾക്ക്/ ഗ്രൂപ്പിന്/പാടശേഖര സമിതിക്ക് മൂന്നു മാസത്തേയ്ക്ക് അടയ്ക്കേണ്ട തുക, മുൻ മാസങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി മൊത്തം തുകയുള്ള ഇൻവോയ്സ് സഹിതം സ്റ്റേറ്റ്മെന്റ് വൈദ്യുതി സെക്ഷൻ ഓഫീസിൽ നിന്നും കൃഷി ഭവനിലേക്ക് തിരികെ നൽകണം. വൈദ്യുതി സെക്ഷൻ ഓഫീസിൽ നിന്ന് ലഭിക്കുന്ന ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ വ്യക്തി / ഗ്രൂപ്പിന്റെ പേര്, അതിൽ ഉൾപ്പെടുന്ന കർഷകരുടെ പേര്, ബിൽ തുക, കൺസ്യൂമർ നമ്പർ, ഗ്രൂപ്പിന്റെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ, പാടശേഖര സമിതിയെ സംബന്ധിച്ച് കണക്ഷനുകളുടെ എണ്ണം, ബിൽ തുക, കൺസ്യൂമർ നമ്പർ, സമിതിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സഹിതം ബന്ധപ്പെട്ട കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ബജറ്റ് വിഹിതത്തിൽ നിന്ന് തുക വ്യക്തികൾക്ക്/ ഗ്രൂപ്പിന്റെ/ സമിതിയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കണം. കെ.എസ്.ഇ.ബിയിൽ നിന്ന് ബില്ല് ലഭിച്ചതിന് ശേഷം 10 ദിവസത്തിനുള്ളിലോ Bill due date-ന് ഉള്ളിലോ, ഏതാണോ ആദ്യം വരുന്നത്, ആ തീയതിക്കുള്ളിൽ ബിൽ തുക മുൻകൂർ ലഭിച്ച തുകയിൽ നിന്നും കെ.എസ്.ഇ.ബി ഓഫീസിൽ അടച്ച് ചെലവ് വിവര സ്റ്റേറ്റ്മെന്റ് വ്യക്തി/ ഗ്രൂപ്പുകളുടെ/ സമിതികളുടെ സെക്രട്ടറി കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.

(d) കൃഷി വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, വൈദ്യുതി വകുപ്പ് മന്ത്രി, കാർഷികോൽപ്പാദന കമ്മീഷണർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ഡയറക്ടർ, കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ (വിതരണം) എന്നിവരുൾപ്പെടുന്ന ഉന്നതതല സമിതി പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടതാണ്.

(e) വ്യക്തികൾക്ക് / ഗ്രൂപ്പുകൾക്ക് / സമിതിക്ക് അഡ്വാൻസായി നൽകുന്ന തുക കൃത്യമായി സൗജന്യ വൈദ്യുതിയുടെ ബിൽ അടയ്ക്കുന്നതിനായി വിനിയോഗിക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ട

ചുമതല കൃഷിവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും. വ്യക്തികളോ ഗ്രൂപ്പുകളിൽ/പാടശേഖര സമിതികളിൽ അംഗമായ ഏതെങ്കിലും കർഷകരോ/വ്യക്തികളോ വൈദ്യുതിയോ സർക്കാർ ഫണ്ടോ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കൃഷിവകുപ്പും കെ.എസ്.ഇ.ബി യും പരസ്പരം അറിയിക്കേണ്ടതും അങ്ങനെയുള്ള കർഷകരുടെ തുക സർക്കാർ ഫണ്ട് ഉപയോഗിച്ച് ഒടുക്കാൻ പാടില്ലാത്തതുമാണ്. ഫണ്ടും വൈദ്യുതിയും ദുരുപയോഗം ചെയ്യുന്ന വ്യക്തികളുടെ/ഗ്രൂപ്പുകളുടെ/സമിതിയുടെ പട്ടിക കെ.എസ്.ഇ.ബി തയ്യാറാക്കി ആറുമാസത്തിലൊരിക്കൽ ഉന്നതതല സമിതിയുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതുമാണ് .

(f) കൃഷി വകുപ്പിൽ നിന്ന് ഏതെങ്കിലും കാരണവശാൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ കെ.എസ്.ഇ.ബി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി കണക്ഷനുകൾ ഒരു കാരണവശാലും വിച്ഛേദിക്കാൻ പാടുള്ളതല്ല. കൂടാതെ, ഇക്കാരണത്താൽ ഉണ്ടാകാവുന്ന സർചാർജ്ജ് / പിഴപ്പലിശ ഈടാക്കുവാനും പാടുള്ളതല്ല. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കുവാൻ അർഹതപ്പെട്ട കർഷകർ നല്കുന്ന അപേക്ഷകളിന്മേൽ പുതിയ കാർഷിക കണക്ഷനുകൾ തുടർന്നും അനുവദിക്കേണ്ടതും ടി കർഷകർ പ്രദേശത്തെ കർഷക ഗ്രൂപ്പിൽ അംഗങ്ങൾ ആകേണ്ടതുമാണ്. കൃഷി വകുപ്പിന്റെ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ മതിയായ ഫണ്ട് ഇല്ലാതെ വരികയോ അധിക ഫണ്ട് ആവശ്യമായി വരികയോ ചെയ്യുന്ന പക്ഷം ആയതിനുള്ള പ്രൊപ്പോസൽ കൃഷി വകുപ്പ് ധനകാര്യ വകുപ്പിലേയ്ക്ക് അടിയന്തിരമായി നല്കേണ്ടതും ധനകാര്യ വകുപ്പ് അത്തരം പ്രൊപ്പോസലുകളിൽ ഫണ്ട് അനുവദിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ് .

3. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ കൃഷി ഡയറക്ടർ സ്വീകരിക്കേണ്ടതും പ്രസ്തുത ഓൺലൈൻ പോർട്ടലിൽ കെ.എസ്.ഇ.ബി-ക്ക് ആവശ്യകത അനുസരിച്ചു user facility യും ധനകാര്യ വകുപ്പിന് view facility, user facility എന്നിവ അനുവദിക്കേണ്ടതുമാണ്.

4. കൂടാതെ, കൃഷി വകുപ്പ് കർഷകർക്ക് അനുവദിയ്ക്കുന്ന മുൻകൂർ തുകയും വൈദ്യുതി ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകർ വൈദ്യുതി സെക്ഷൻ ഓഫീസിൽ അടയ്ക്കുന്ന തുകയും തമ്മിലുള്ള റിക്കൺ സിലിയേഷൻ 6 മാസത്തിലൊരിക്കൽ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ നടത്തേണ്ടതും സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടർ ഇക്കാര്യം ഉറപ്പാക്കേണ്ടതും വ്യക്തികളുടെ/ഗ്രൂപ്പുകളുടെ/ സമിതികളുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയ്ക്ക് അനുസൃതമായി കൃഷി വകുപ്പ് തുടർന്ന് അനുവദിക്കുന്ന മുൻകൂർ തുക ക്രമീകരിക്കേണ്ട നടപടി കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷാജന്.എ**

**ജോയിന്റ് സെക്രട്ടറി**

കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.
ചെയർമാൻ, കെ.എസ്.ഇ.ബി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്( U O No.PLG-A(R)/42/2020-FIN dated 30-10-2020).
ഊർജ്ജ വകുപ്പ്.
കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയർ (വിതരണം).

I&PRD (Web & New Media).
S/F, O/C.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. മുഖ്യമന്ത്രിയുടെ പി.എസിന്.
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്.
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസിന്.
ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പി.എസിന്.
കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എയ്ക്ക്.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.